# കേരളസർവകലാശാല

നം.പി.ആർ.92(a)/2023

## പത്രക്കുറിപ്പ്

### ഡോ.ജി. പത്മറാവു സ്മാരക ദേശീയപുരസ്കാരം

കേരള സർവകലാശാല മലയാളവിഭാഗം അധ്യക്ഷനും താരതമ്യസാഹിത്യവിമർശകനുമായിരുന്ന ഡോ.ജി.പത്മറാവുവിന്റെ സ്മരണാർഥം ദേശീയ തലത്തിൽ മികച്ച എം.എ. മലയാളം പ്രോജക്ടിന് ജി.പത്മറാവു സ്മാരക ദേശീയപുരസ്കാരം നൽകുന്നതിനായി പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. 2022 വർഷത്തിൽ ഇന്ത്യയിലെ വിവിധ സർവകലാശാലകളിൽ നിന്നും കലാലയങ്ങളിൽ നിന്നും എം.എ. മലയാളം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മാർഗദർശിയും സ്ഥാപനമേധാവിയും സാക്ഷ്യപ്പെടുത്തിയ എം.എ. പ്രോജക്ട് പ്രബന്ധത്തിന്റെ ഒരു കോപ്പി 2023 മെയ് 30-നു മുൻപായി പ്രൊഫ.(ഡോ.)സീമാ ജെറോം, അധ്യക്ഷ, മലയാളവിഭാഗം, കേരള സർവകലാശാല, കാര്യവട്ടം പി.ഒ., 695581 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. കൂടാതെ പ്രബന്ധത്തിന്റെ പി.ഡി.എഫ്. ഫോർമാറ്റ് malkvtm@gmail.com എന്ന മെയിലിലേക്ക് അയയ്ക്കേണ്ടതുമാണ്. പുരസ്കാരജേതാവിന് ഡോ.ജി. പത്മറാവുവിന്റെ ചരമദിനമായ ജൂൺ 15- ന് മലയാളവിഭാഗത്തിൽ വെച്ചു നടക്കുന്ന ചടങ്ങിൽ 10,000/ രൂപയും പ്രശസ്തിപത്രവും ഫലകവും സമ്മാനിക്കും. (കൂടുതൽ വിവരങ്ങൾക്ക്: 0471 -2308459)

തിരുവനന്തപുരം,
11.05.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**